A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

802

# വാർഷിക മൂല്യനിർണയം 2018

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം :1½ മണിക്കൂർ

സ്കോർ : 40

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കാൻ ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1. പട്ടിക ക്രമപ്പെടുത്തുക. സ്കോർ 4

| കഥാപാത്രം | കൃതി | വിഭാഗം |
|---|---|---|
| ഉണ്ണി | കുചേലവൃത്തം | നോവൽ |
| അമ്മത്ത | അനുഭവങ്ങളുടെ നേർരേഖകൾ | വഞ്ചിപ്പാട്ട് |
| ആശാൻ | ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ | കഥ |
| ശ്രീകൃഷ്ണൻ | പ്രണയതാഴ്‌വരയിലെ ദേവദാരു | അനുഭവക്കുറിപ്പ് |

2. പ്രകൃത്യംബ എന്ന പദം വിഗ്രഹിക്കുമ്പോൾ സ്കോർ 1

- പ്രകൃതി എന്ന അംബ
- പ്രകൃതിയും അംബയും
- പ്രകൃതിയാകുന്ന അംബ
- പ്രകൃതിയോടൊപ്പമുള്ള അംബ

3. സ്കോർ 1

"ഉള്ളലിഞ്ഞോതിനേൻ; " എൻ ചോറുമാ കഞ്ഞി-

വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ".

കവിയെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ച വികാരം എന്ത്?

- ചോറുകിട്ടാൻ വൈകിയതിലുള്ള അമർഷം.
- കിട്ടിയതു കുറഞ്ഞുപോയതിലുള്ള സങ്കടം.
- പാവങ്ങളോടുള്ള അനുകമ്പ.
- ആഗ്രഹിച്ച ഭക്ഷണം കിട്ടാത്തതിലുള്ള നിരാശ.

**4 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം)**

4. "മെഴുകുതിരി മൂന്നെണ്ണം എന്നെ രക്ഷിക്കാൻ ആത്മാഹുതി ചെയ്തു."

'ആത്മാഹുതി ചെയ്തു' എന്ന പ്രയോഗത്തിന് സന്ദർഭത്തിൽ കൈവരുന്ന സവിശേഷാർഥങ്ങൾ എഴുതുക.

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

"വില്ല് സാങ്കേതികമായി ഒരു തന്ത്രിവാദ്യമാണ്. പക്ഷേ, നമ്മുടെ കുട്ടികൾ ഓണവില്ല് കൊട്ടുകയേ പതിവുള്ളൂ."

6. "താവകപ്പൂഞ്ചേലതൻ സൗവർണരുചിയല്ലാ-

താവഴിക്കൊന്നും കണ്ടീലാ ഹന്ത ദൗർഭാഗ്യമേ!"

കാവ്യഭാഗത്ത് തെളിയുന്ന രണ്ടു സൂചനകൾ കണ്ടെത്തി എഴുതുക.

7. "കളിയരങ്ങത്തുനിന്ന് വിടവാങ്ങുന്നതോടെ താൻ താനല്ലാതായിത്തീരുന്നു-"

ആശാന്റെ ചിന്തയ്ക്ക് പിന്നിലുള്ള മാനസികാവസ്ഥ കണ്ടെത്തി എഴുതുക.

**8 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**(4 സ്കോർ വീതം)**

8. "നീല രാത്രി, വൈരപ്പൊടി ചിതറിയ ആകാശം. ദൂരെ മങ്ങിയ മലനിര. പുഴയുടെ ഏകാന്തശാന്തസംഗീതം. കാളവണ്ടികൾ, ഉറങ്ങുന്ന കടവുതോണി."

- പി. കുഞ്ഞിരാമൻനായർ

തന്നിരിക്കുന്ന വരികളുടെ രചനാപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.

9. "ആശാന്റെ യവനനാണ്. അരങ്ങൊഴിയുന്നതിന് മുമ്പായുള്ള അവസാനത്തെ വേഷം. അരങ്ങുതകർക്കുന്ന കളിയാവും."

ഈ പരാമർശം കഥാന്ത്യവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.

10. "മഴക്കാറിനെ നോക്കിനിൽക്കുമ്പോൾ കിട്ടുന്ന ഒരുതരം ഉണർവ് എന്റെ മനസ്സിൽ ആശയസമൃദ്ധിയുണ്ടാക്കാറുണ്ട്."

"മേഘം ഘനീഭവിച്ച മഴയാണ്."

"നിദ്രയ്ക്ക് കാർമുകിലിന്റെ നിറമാണെന്ന് ഞാൻ വെറുതെ ഭാവന ചെയ്യാറുണ്ട്."

സൂചനകൾ അടിസ്ഥാനമാക്കി 'കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം' എന്ന തലക്കെട്ടിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

11. "നാടും നഗരവും നേരിട്ടു കാണണം. ഇന്ത്യ എന്താണെന്ന് അറിയണം. അറിവുകൾക്കപ്പുറത്ത് യഥാർഥമായ ജ്ഞാനം സ്വന്തമാക്കണം. കുട്ടിക്കാലത്ത് ഓതിപ്പഠിച്ച തത്ത്വങ്ങൾ അനുഭവങ്ങളിലൂടെ മനസ്സിൽ വേരോടണം. എങ്കിലേ ഭൂമിയുടെ അതിരുകൾ ഭേദിച്ച് ആകാശങ്ങളിലേക്ക് പറക്കുമ്പോൾ ഈ മണ്ണിന്റെ മഹത്ത്വം താരതമ്യങ്ങളില്ലാത്തതാണെന്ന സംസ്കാരം ശക്തിപകരൂ ..."

ഭൂമിയുടെ സ്വപ്നം എന്ന പാഠഭാഗത്ത് അമ്മ മകനു നൽകുന്ന ഉപദേശം പുതിയ തലമുറയ്ക്കും ബാധകമാണ്. സമർഥിക്കുക.

12. "പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു."

"പ്രേതമായ്ത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു."

"പുതലിച്ചുപോയെന്റെയിത്തടി ...."

പെരുന്തച്ചന്റെ ജീവിതാവസ്ഥ ആവിഷ്കരിക്കാൻ ഈ വരികൾക്ക് കഴിയുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. (6 സ്കോർ വീതം).**

"മധുനിറയും മലർ മടുമലർ
മലർവിരിയും വനി മലർവനി
മണിനാദംപോൽ മധുരം നമ്മുടെ
മലനാട്ടിൻമൊഴി മലയാളം" - ഒ. എൻ. വി.

(മധു - തേൻ, മടുമലർ - തേനുള്ള പൂവ്, മലർവനി - പൂന്തോട്ടം)

തന്നിരിക്കുന്ന വരികളും 'മാണിക്യവീണ' എന്ന കവിതയിലെ ആശയവും ഉൾപ്പെടുത്തി ' മാതൃഭാഷയുടെ സൗന്ദര്യം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

14. "മുഖ്യമന്ത്രിയാണ് കലാതിലകമെന്ന കീർത്തിമുദ്ര നൽകുന്നത്."
ആശാനെ സദസ്സിന് പരിചയപ്പെടുത്തിക്കൊണ്ട് ആമുഖഭാഷണം തയാറാക്കുക.

- കളിയരങ്ങിനെ ദൈവസന്നിധിയായി കരുതി.
- നിരവധി നാഴികകൾ കളിപ്പെട്ടി തലയിലേറ്റി നടന്നിട്ടുണ്ട്.
- ഏതു വേഷത്തോടും നീതിപുലർത്തി.

15.

**ജീവിച്ചിരിക്കുമ്പോൾ**

ആയിരംപൂക്കളുള്ള റീത്തുമായി
ആർത്തുകരഞ്ഞു
നീയെത്തും
ഞാൻ മരിച്ചുകിടക്കുമ്പോൾ......

അതിലൊരു പൂ മതിയായിരുന്നു
ജീവിച്ചിരിക്കുമ്പോൾ
എനിക്ക്
വസന്തമാകാൻ

- സോമൻ കടലൂർ

ആശയം, കാലികപ്രസക്തി, കാവ്യാംശങ്ങൾ എന്നിവ വ്യക്തമാക്കി ആസ്വാദനം തയാറാക്കുക.